**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – തിരുവമ്പാടി നിയോജകമണ്ഡലം - ഏകദിന സെമിനാർ - 6 ഗ്രാമപഞ്ചായത്തുകളുടെയും ഒരു നഗരസഭയുടെയും തനത് ഫണ്ടിൽ നിന്നും സംഭാവന - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 1310/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 25/04/2017

പരാമർശം:- 1. ശ്രീ. ജോർജ് എം. തോമസ് എം. എൽ എയുടെ 17.04.2017 ലെ കത്ത്.
2. സ.ഉ.(എം.എസ്)58/2006/തസ്വഭവ തീയതി 16.02.2005

**ഉത്തരവ്**

തിരുവമ്പാടി നിയോജകമണ്ഡലത്തിലെ ആറ് ഗ്രാമപഞ്ചായത്തുകളിലെയും ഒരു നഗരസഭയിലെയും വിവിധ മേഖലകളിലെ വിദഗ്ധരായ വ്യക്തികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു ഏകദിന സെമിനാർ 29.04.2017 ശനിയാഴ്ച തിരുവമ്പാടിയിൽ വച്ച് നടത്തുന്നുവെന്നും 750 ഓളം പേർ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്ന പ്രസ്തുത സെമിനാറിന്റെ സംഘാടന ചെലവിലേക്കായി തിരുവമ്പാടി നിയോജകമണ്ഡലത്തിലെ 6 ഗ്രാമപഞ്ചായത്തുകളുടെയും ഒരു നഗരസഭയുടെയും തനത് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം ആവശ്യപ്പെട്ടു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവമ്പാടി നിയോജകമണ്ഡലത്തിലെ ആറ് ഗ്രാമപഞ്ചായത്തുകളിലെയും ഒരു നഗരസഭയിലെയും വിവിധ മേഖലകളിലെ വിദഗ്ധരായ വ്യക്തികളെ പങ്കെടുപ്പിച്ചുകൊണ്ട് 29.04.2017 ശനിയാഴ്ച തിരുവമ്പാടിയിൽ വച്ച് നടത്തുന്ന ഏകദിന സെമിനാറിന്റെ സംഘാടന ചെലവുകൾക്കായി നിയോജകമണ്ഡലത്തിന്റെ പരിധിയിലുള്ള തിരുവമ്പാടി, കോടഞ്ചേരി, പുതുപ്പാടി, കൂടരഞ്ഞി, കാരശ്ശേരി, കൊടിയത്തൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 10,000/- (പതിനായിരം) രൂപ വിതവും മുക്കം നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും 25,000- (ഇരുപത്തി അയ്യായിരം) രൂപ വീതവും നൽകുന്നതിന് അവരവരുടെ കമ്മിറ്റി തീരുമാനത്തിനും പരാമർശം (2) ലെ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എ. ഷാജഹാൻ,
സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
ബന്ധപ്പെട്ട നഗരസഭകൾ (നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് മുഖാന്തിരം)
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.